നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതി

168 (4971) ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ബി) ഈ പദ്ധതികൾ എന്നത്തേക്കാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ ;

(സി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചെന്നും എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അവ പൂർത്തീകരിക്കാൻ കണക്കാക്കിയിരിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ വിവിധ ടാഞ്ചികളിലായി 39 കുടിവെള്ള പദ്ധതികളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനുമായി എം.എൽ.എ.മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും തലത്തിലും ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തലങ്ങളിലും അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുകയും പദ്ധതിയുടെ നിർമ്മാണത്തിനിടയിൽ ഉണ്ടാകുന്ന പ്രാദേശികവും അല്ലാതെയുമുള്ള വിവിധ തടസ്സങ്ങൾ നീക്കി പദ്ധതി സമയബന്ധിതമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ ഓരോ മാസവും വിളിച്ചുചേർക്കുന്ന ജില്ലാ വികസന സമിതിയോഗങ്ങളിലും തഹസീൽദാർമാർ വിളിച്ചു ചേർക്കുന്ന താലൂക്ക് സഭകളിലും കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പണികൾ വിവിധ ഘട്ടങ്ങളായാണ് നടന്നുവരുന്നത്. ആയതിനാൽ ഇവയുടെ പൂർത്തീകരണത്തിന് നിശ്ചിത കാലപരിധി നിശ്ചയിക്കാൻ ഇപ്പോൾ കഴിയില്ല. പണി നടന്നു കൊണ്ടിരിക്കുന്ന 39 പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

ചേർത്തല താലൂക്കിൽ നബാർഡ് സഹായത്തോടെയുള്ള ശുദ്ധജല വിതരണം

169 (4972) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി നബാർഡ് എത്രകോടി രൂപ അനുവദിച്ചുവെന്നും ആയതിന്റെ വിനിയോഗം എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ ; പ്രസ്തുത തുക വിനിയോഗിച്ച് ചേർത്തലയിലെ ഏതെല്ലാം മേഖലകളിൽ കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്നും എത്ര പേർക്ക് പുതുതായി കുടിവെള്ളം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തല നഗരസഭാ പ്രദേശങ്ങളിലെ പിന്നാക്ക മേഖലകളിൽ കുടിവെള്ളമെത്തിക്കുന്നതിന് പ്രസ്തുത തുക വിനിയോഗിക്കപ്പെടുമോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക വിനിയോഗിച്ച് നഗരസഭാ പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരും മറ്റ് പിന്നാക്ക വിഭാഗങ്ങളും താമസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷനായി നബാർഡിന്റെ ധനസഹായമായി 5147.09 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയും സംസ്ഥാന വിഹിതവും ഉപയോഗിച്ച് ചേർത്തല താലൂക്കിലെ 18പഞ്ചായത്തുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് ആവശ്യമായ പൈപ്പ് ലൈൻ ഏകദേശം 800 കി.മീ. ദീർഘിപ്പിക്കുന്നതിന് സാധിക്കും. ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി, മുഹമ്മ, വയലാർ, തണ്ണീർമുക്കം, ചേർത്തല സൗത്ത്, മാരാരിക്കുളം, അരൂർ, തുറവൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, തൈക്കാട്ടുശ്ശേരി, പള്ളിപ്പുറം, അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം, കടക്കരപ്പള്ളി, പട്ടണക്കാട് എന്നീ പഞ്ചായത്തുകളിലെ 7,50,804 പേർക്ക് ഇതിലൂടെ പുതുതായി കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly